# സൂഫിസം പ്രമാണങ്ങളുടെ വെളിച്ചത്തിൽ

## ശൈഖ് മുഹമ്മദ് ജമീൽ സൈനു

വിവ. കബീർ എം. പറളി

## ജിഹാദും സ്വൂഫികളും

സൂഫികൾക്കിടയിൽ ജിഹാദ് തുലോം തുച്ഛമാണ്. തങ്ങൾ മനസ്സുമായുള്ള ജീഹാദിലാണെന്നാണ് അവരുടെ വാദം. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ(റ) ഉദ്ധരിച്ചതായ, 'നാമിതാ ചെറിയ ജീഹാദിൽ നിന്നും വലിയ ജിഹാദിലേക്ക് തിരിച്ചെത്തിയിരിക്കുന്നു'' എന്ന പ്രവാചക ഹദീസാണ് അവർക്കതിനുള്ള അവലംബം. സത്യത്തിൽ, നിഷേധികളുമായുള്ള യുദ്ധവും അല്ലാഹുവിങ്കൽ കൂടുതൽ പ്രതിഫലം ലഭ്യമാക്കുന്നതു തന്നെയാണ്.

**ജിഹാദു സംബന്ധമായ സൂഫികളുടെ തലതിരിഞ്ഞവാദങ്ങൾ കാണുക:**

ശഅ്റാനി പറയുന്നു: ''ഏത് കാലത്തും ആളുകൾ എങ്ങനെ ജീവിക്കു ന്നുവോ അങ്ങനെത്തന്നെ ജീവിക്കണമെന്നും, ദുനിയാവിന്റെ കാര്യത്തിലാകട്ടെ അതിന്റെ ആധിപത്യത്തിന്റെ കാര്യത്തിലാകട്ടെ, അല്ലാഹു ഉയർത്തിയവരെ നിന്ദിക്കരുതെന്നും നമ്മുടെ സഹോദരങ്ങളെ ഉപദേശിച്ചുകൊള്ളാമെന്ന് നാം പ്രതിജ്ഞയിലേർപ്പെട്ടിട്ടുണ്ട്.''

ഇബ്നു അറബി പറയുന്നു: ''ഒരു ജനതയുടെമേൽ അക്രമിയായ മനുഷ്യന് അല്ലാഹു ആധിപത്യം നൽകിയാൽ, അവനുമായി ഏറ്റുമുട്ടുന്നത് നിർബന്ധമല്ല. കാരണം അത് അല്ലാഹുവിൽ നിന്നുള്ള ശിക്ഷയാണ്.''

സൂഫികൾക്കിടയിലെ പ്രമുഖരായ രണ്ട് ശൈഖുമാരാണ് ഇബ്നുൽ അറബിയും ഇബ്നുൽ ഫാരിദ്വും. രണ്ടു പേരും കുരിശുയുദ്ധം കൊടുമ്പിരിക്കൊണ്ടിരുന്ന കാലത്ത് ജീവിച്ചിരുന്നവരാണ്. അവരിലൊ രാളും പ്രസ്തുത യുദ്ധത്തിൽ പങ്കുകൊണ്ടതായൊ, അതിന് ജനങ്ങളെ ആഹ്വാനം ചെയ്തതായൊ, മുസ്‌ലിംകളുടെ മേല് കുരിശു യുദ്ധക്കാർ അഴിച്ചുവിട്ട അക്രമങ്ങളെ അപലപിച്ച് കൊണ്ട് തങ്ങളുടെ ഗദ്യപദ്യങ്ങളിൽ അവരെന്തെങ്കിലും കുറിച്ചതായൊ നാമിതുവരെ കേട്ടിട്ടില്ല. മറിച്ച് അവർ ജനങ്ങളോട് പറഞ്ഞത്; അല്ലാഹു തന്നെയാണ് എല്ലാ കാര്യങ്ങളുടേയും സൂത്രധാരൻ, മുസ്‌ലീംകൾ കുരിശു യുദ്ധക്കാരെ വെറുതെ വിടുകയാണ് വേണ്ടത്. എന്തുകൊണ്ടന്നാൽ അവർ ഇലാഹീ സത്തതന്നെയാണ്. കുരിശുയുദ്ധക്കാരുടെ രൂപം പൂണ്ടെത്തിയെന്നു മാത്രം!

'അൽ മുന്ഖിദു മിനദ്വലാൽ' എന്ന കൃതിയിൽ, സൂഫീ ത്വരീഖത്തുകളെ വിശദീകരിക്കുന്നിടത്ത് അബൂ ഹാമിദുൽ ഗസാലി അനുസ്മരിക്കുന്നത്: ''കുരിശുദ്ധം നടന്നു കൊണ്ടിരിക്കുന്ന സമയത്ത് രണ്ടു വർഷക്കാലം ഡമാസ്കസിലെ ഗുഹകളിലും, ബൈത്തുൽ മുഖദ്ദസിലെ പാറമടകളിലും അദ്ദേഹം ഏകാന്തവാസത്തിലായിരുന്നുവത്രെ. ഹിജ്റ 492-ൽ ബൈത്തുൽ മുഖദ്ദസ് കുരിശു പോരാളികളുടെ കൈകളിലാപതിക്കുമ്പോഴും അദ്ദേഹം തന്റെ ഖൽവത്ത് (ഏകാന്ത ധ്യാനം) വിട്ടുണർന്നില്ലത്രെ. ഖുദ്സിന്റെ വീഴ്ചക്കു ശേഷം 12 വർഷങ്ങൾ ജീവിച്ചിരുന്നിട്ടും അതിന്റെ വീണ്ടെടുപ്പിന് ജിഹാദ് ചെയ്യാൻ ജനങ്ങളോടദ്ദേഹം ആഹ്വാനം ചെയ്യുകയുണ്ടായില്ല പോലും!''

ഗസാലിയുടെ ബ്രഹദ് ഗ്രന്ഥമാണ് 'ഇഹ്യാ ഉലൂമുദ്ദീൻ'. അതിലെവിടെയും ജിഹാദിനെപ്പറ്റി ഒരു വാചകം പോലും കാണുക സാധ്യമല്ല. എന്നാൽ, ഖുറാഫാത്തുകളും, കുഫ്രിയ്യത്തുകളും കുത്തിനിറച്ച കറാമത്തിന്റെ കള്ളക്കഥകൾ അതിലെമ്പാടും കാണാൻ സാധിക്കുന്നതാണ്! ഇഹ്യാ ഉലൂമുദ്ദീനിന്റെ നാലാം വാള്യം 456 മുതൽ വായിച്ച് നോക്കുക.

സമൂഹത്തിൽ അടിസ്ഥാനരഹിതമായ ഖുറാഫാത്തുകളും ബിദ്അത്തുകളും വ്യാപികമായി പ്രചരിപ്പിച്ചതും, പോരാട്ടങ്ങളിൽ, പരാജയത്തിന്റേയും നിരാശയുടേയും ബോധം മുസ്‌ലിംകളിലിട്ടു കൊടുത്തതും സൂഫീ ത്വരീഖത്തുകളാണ്. കൊളോണിയലിസ്റ്റുകൾ സൂഫികളെ തങ്ങളുടെ ചാരന്മാരായിപ്പോലും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. 'താരീഖുൽ അറബിൽ ഹദീഥ് വൽ മുആസിർ' എന്ന ഗ്രന്ഥത്തിന്റെ കർത്താവ് അക്കാര്യം വിശദമായി വിവരിച്ചിട്ടുണ്ട്.

മുഹമ്മദ് ഫിഹ്ർ ഷഖ്ഫ അസ്സൂരി 'ഫിത്തസവ്വുഫ്' എന്ന തന്റെ കൃതിയുടെ 217-ാമത്തെ പേജിലെഴുതുന്നു: "സത്യത്തോടും ചരിത്രത്തോടും നമുക്കുള്ള സേവനബാധ്യതയുടെ ഭാഗമായി ചിലകാര്യങ്ങൾ നാം പറഞ്ഞേ പറ്റൂ. ഫ്രഞ്ച് ഭരണകൂടം സിറിയയുടെ മേൽ

ആധിപത്യത്തിനൊരുങ്ങിയ കാലത്താണ് അവർ 'തീജാനിയ്യ' ത്വരീഖത്തിന് രൂപം കൊടുത്തതും, രാജ്യത്ത് അതിന്റെ വ്യാപനത്തിന് വേണ്ടി അധ്വാനിച്ചതും. ചില പണ്ഡിതൻമാരെ തദാവശ്യാർത്ഥം അവർ കൂലിക്കെടുത്തു. അവർക്ക് പണവും പദവിയും യഥേഷ്ടം നൽകി ആദരിച്ചു. സിറിയൻ മണ്ണിൽ ഫ്രഞ്ചിനോട് ആഭിമുഖ്യം കാണിക്കുന്ന ഒരു തലമുറയെ വളർത്തിക്കൊണ്ടുവരിക എന്നതായിരുന്നു അവരുടെ ദൗത്യം. പക്ഷെ, മൊറോക്കൻ പോരാളികൾ രാജ്യത്തിലെ ആത്മാർഥരായ ആളുകളിൽ തീജാനിയ്യ ത്വരീഖത്തിന്റെ അപകടത്തെപ്പറ്റി ബോധമുണ്ടാക്കി. മതത്തിന്റെ തോലണിഞ്ഞ ഫ്രഞ്ച് കോളോണിയൽ ഏജന്റുമാരാണ് തീജാനിയ്യക്കാർ എന്ന് ജനങ്ങളെയവർ പറഞ്ഞു മനസ്സിലാക്കി. ഫ്രഞ്ചുകാർക്കെതിരിൽ പിന്നെ, ദമാസ്കസിലെ ജനത ഒന്നിച്ചുണർന്ന് പോരാടുകയായിരുന്നു."

●